പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 801 | 14-10-2026-ൽ മറുപടിയ്ക്ക്

<u>പത്തനാപുരം മണ്ഡലത്തിലെ മനുഷ്യ വന്യജീവി സംഘർഷം.</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> | <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്തനാപുരം നിയോജകമണ്ഡലത്തിലെ മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി പത്തനാപുരം നിയോജക മണ്ഡലത്തിലെ വനമേഖലയിലൂടെ കടന്നു പോകുന്ന 18.20 കി.മീ. ദൂരം റോഡുകളുടെ ഇരുവശങ്ങളിലും 10 മീറ്റർ വീതിയിൽ വിസ്ത ക്ലിയറൻസ് നടത്തിയിട്ടുണ്ട്. കൂടാതെ 3.85 കി.മീ. ദൂരം സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. പത്തനാപുരം കറവൂർ ആസ്ഥാനമാക്കി ഒരു സാറ്റലൈറ്റ് ആർ.ആർ.ടി.യും സ്പെഷ്യൽ റിസർവ് ഫോഴ്സും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

**(ബി)** പത്തനാപുരം നിയോജക മണ്ഡലത്തിൽ വനം വകുപ്പിന്റെ നേതൃത്വത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

<u>മറുപടി:</u> നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സ്ഥലങ്ങളിൽ 103.84 ലക്ഷം രൂപ ചെലവിൽ 11.60 കി.മീ. സ്മാർട്ട് ഹാംഗിംഗ് സോളാർ ഫെൻസ് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു. കൂടാതെ മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലായി 5.4 കി.മീ. നീളത്തിൽ ആനക്കിടങ്ങ് നിർമ്മാണത്തിനായി 45 ലക്ഷം രൂപ വകയിരുത്തി ടെണ്ടർ ക്ഷണിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി ഇലപ്പക്കോട് ഭാഗത്ത് 17.78 ലക്ഷം രൂപ ചിലവിൽ 2.0 കി.മീ. ഹാംഗിംഗ് സോളാർ ഫെൻസ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഉമ്മന്നൂർ-മുക്കലംപാട് ഭാഗത്ത് 2.0 കി.മീ. നീളത്തിൽ 5 ലൈൻ സോളാർ പവർ ഫെൻസ് നിർമ്മിക്കുന്നതിനായി 7.37 ലക്ഷം രൂപ വകയിരുത്തി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**